**പതിനാലാം കേരള നിയമസഭ ഒന്നാം സമ്മേളനം**
**നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാചോദ്യം നമ്പർ 1550**
**14.07.2016-ന് മറുപടി നൽകേണ്ടത്**

**<u>സംസ്ഥാന സംരംഭക വികസന മിഷൻ</u>**

| | ചോദ്യം | മറുപടി |
|---|---|---|
| | **ശ്രീ. കെ.സി. ജോസഫ്<br>ശ്രീ. എ.പി. അനിൽ കുമാർ<br>ശ്രീ. എൽദോസ് കുന്നപ്പിള്ളി<br>ശ്രീ. വി.ഡി. സതീശൻ** | **ഡോ. റ്റി.എം. തോമസ് ഐസക്,<br>ബഹു. ധനകാര്യവും കയറും വകുപ്പുമന്ത്രി** |
| എ. | മുൻ സർക്കാർ സംസ്ഥാന സംരംഭക വികസന മിഷന് രൂപം നൽകിയിരുന്നോ; എങ്കിൽ വിശദമാക്കുമോ; | സംസ്ഥാനത്തെ യുവതീ യുവാക്കൾക്കിടയിൽ സംരംഭകത്വ സ്വഭാവം വളർത്തിയെടുക്കുന്നതിനായി കേരള സർക്കാർ രൂപം നൽകിയ പദ്ധതിയാണ് കേരള സംസ്ഥാന സംരംഭക വികസന മിഷൻ. ആത്മാർത്ഥതയും ആശയങ്ങളും ഉള്ള തൊഴിൽ രഹിതരായ വിദ്യാസമ്പന്നരെ കണ്ടെത്തുകയും അവർക്ക് ആവശ്യമായ പരിശീലനം നൽകി ലളിതമായ ജാമ്യ വ്യവസ്ഥകളിലൂടെ സാമ്പത്തിക സഹായം നൽകുകയാണ് ഈ മിഷനിലൂടെ ലക്ഷ്യമിട്ടത്.<br>50,000 യുവജനങ്ങൾക്ക് വിദഗ്ധ തൊഴിൽ പരിശീലനം നൽകി, 10,000 ചെറുകിട തൊഴിൽ സംരംഭങ്ങൾ സ്ഥാപിച്ച്, 1 ലക്ഷം പേർക്ക് പ്രത്യക്ഷമായും 5 ലക്ഷം പേർക്ക് പരോക്ഷമായും തൊഴിൽ ഉറപ്പ് വരുത്താനാണ് ഈ പദ്ധതി വഴി ലക്ഷ്യമിട്ടിരുന്നത്. |
| ബി | എത്ര സംരംഭകരെയാണ് ഈ പദ്ധതിയനുസരിച്ച് തെരഞ്ഞെടുത്തിട്ടുള്ളതെന്നും അവർക്ക് എന്തെല്ലാം സഹായമാണ് നൽകിയിട്ടുള്ളതെന്നും വ്യക്തമാക്കാമോ? | 31.05.2016 ലെ കണക്കുകൾ പ്രകാരം 11033 പ്രമോട്ടർമാരെ തിരഞ്ഞെടുക്കുകയും 7966 പേർക്ക് തൊഴിൽ പരിശീലനം നൽകുകയും ചെയ്തു. അതിൽ 3836 പേർ 1757 സംരംഭങ്ങൾ തുടങ്ങുകയും അവർക്ക് 15179.14 ലക്ഷം രൂപ വായ്പയായി വിതരണം ചെയ്യുകയും ഉണ്ടായി. |

**സെക്ഷൻ ഓഫീസർ**